## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4772 — 05.02.2014 ലെ മറുപടിയ്ക്ക്

# കാർഷിക മേഖലയിലെ ഉൽപാദനച്ചെലവിന്റെ വർദ്ധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** ഉൽപന്നങ്ങളുടെ തുടർച്ചയായുള്ള വില കുറവുമൂലം ഏതെങ്കിലും വിളകളുടെ കാർഷിക ഉൽപാദനരംഗത്തു നിന്നും കർഷകർ പിന്തിരിഞ്ഞു പോകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

**(എ)** കാർഷിക ഉല്പന്നങ്ങളുടെ വിലയിൽ വ്യതിയാനം ഉണ്ടാകുന്നുണ്ട്. എന്നാൽ വിലക്കുറവ് കൊണ്ടുമാത്രം കർഷകർ ഉല്പാദന രംഗത്ത് നിന്നും പിൻതിരിഞ്ഞ് പോകുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ഉൽപാദനപ്രദേശങ്ങളുടെ വിസ്തൃതിയിലും ഉൽപാദനത്തിലും കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന വിളകളുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് വിശദമാക്കാമോ;

**(ബി)** കേരളത്തിലെ പ്രധാന വിളകളുടെ വിസ്തൃതിയിൽ വന്നിട്ടുള്ള മാറ്റം ചുവടെചേർക്കുന്നു.

1. നെല്ലിന്റെ വിസ്തീർണ്ണവും ഉല്പാദനവും കുറഞ്ഞ് വരികയാണ്. 2008-09 ൽ വിസ്തീർണ്ണം 2.34 ലക്ഷം ഹെക്ടറായിരുന്നത് 2012-13 ൽ 1.87 ലക്ഷം ഹെക്ടറായി കുറഞ്ഞിട്ടുണ്ട്.
2. തെങ്ങിന്റെ വിസ്തൃതിയിൽ 2008-09 ലെ 7.87 ലക്ഷം ഹെക്ടറിൽ നിന്നും 2012-13 ൽ 7.98 ലക്ഷം ഹെക്ടറായി ഉയർന്നിട്ടുണ്ട്.
3. ഇഞ്ചികൃഷിയുടെ വിസ്തൃതി 2010-11 നെക്കാൾ 2011-12 ൽ 13% വർദ്ധിച്ച് 6908 ഹെക്ടർ ആയിട്ടുണ്ട്.
4. പച്ചക്കറികൃഷിയുടെ വിസ്തൃതി 2010-11 നെക്കാൾ 2011-12 ൽ 41,154 ഹെക്ടറായിട്ടുണ്ട്.

**(സി)** ഉൽപാദനച്ചെലവ് വർദ്ധിക്കുന്നതിനനുസരിച്ച് വില വർദ്ധിക്കാത്ത വിളകൾ ഏതെല്ലാമാണ്; രാസവളങ്ങൾക്കുൾപ്പെടെ കൃഷിക്കാരന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്;

**(സി)** കേരളത്തിൽ ഉല്പാദിപ്പിക്കുന്ന എല്ലാ വിളകൾക്കും വർഷം തോറും ഉല്പാദനച്ചെലവ് വർദ്ധിക്കുന്നുണ്ട്. രാസവളങ്ങൾക്ക് പുറമെ കൂലിച്ചെലവിൽ ഏറ്റവും കൂടുതൽ വർദ്ധനവുണ്ടാകുന്നുണ്ട്.

**(ഡി)** കേന്ദ്രസർക്കാരിന്റെ കാർഷിക രംഗത്തെ ഏതെല്ലാം നയങ്ങളാണ് സംസ്ഥാനത്തെ കൃഷി വികസനത്തിന്

**(ഡി)** കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, തേയില എന്നിവയുടെ വില അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിലാണ്

വിനാശകരമായി മാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് മാറ്റിക്കിട്ടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തുകയുണ്ടായി; വിശദമാക്കാമോ ?

നിർണ്ണയിക്കപ്പെടുന്നത്. ഇന്ത്യ-ആസിയാൻ കരാറും നാണ്യവിളകളുടെ ആഭ്യന്തര വിലയെ ഒരു പരിധി വരെ സ്വാധീനിക്കുന്നുണ്ട്. പാം ഓയിൽ പോലുള്ള ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി, നാളികേരത്തിന്റെ ചില സമയത്തെ വിലയിടിവിന് കാരണമായിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം കൂട്ടണം എന്നും ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കണം എന്നും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ